# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2033** **16.08.2017-ൽ മറുപടിയ്ക്ക്**

<u>സംസ്ഥാന ലോട്ടറി</u>

| | ചോദ്യം<br>ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.എ.പി. അനിൽ കുമാർ<br>ശ്രീ.കെ.സി.ജോസഫ്<br>ശ്രീ.അൻവർ സാദത്ത് | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | ചരക്ക് സേവന നികുതിയിൽ സംസ്ഥാന സർക്കാരുകളുടെ ലോട്ടറിക്ക് 12 ശതമാനവും സർക്കാർ അംഗീകൃത സ്വകാര്യ ലോട്ടറികൾക്ക് 28 ശതമാനവും എന്ന നിരക്കിൽ നികുതി ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഇത് സംസ്ഥാന ലോട്ടറിക്ക് ഏപ്രകാരം സഹായകരമാകുമെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാന സർക്കാർ നേരിട്ട് നടത്തുന്ന ലോട്ടറികൾക്ക് 12 ശതമാനവും സർക്കാർ അംഗീകൃത ലോട്ടറികൾക്ക് 28 ശതമാനവും ജി.എസ്.ടി ഏർപ്പെടുത്തിയിട്ടുണ്ട്. അന്യസംസ്ഥാന ലോട്ടറികൾ കേരളത്തിൽ വില്പ്പന നടത്തണമെങ്കിൽ 28 ശതമാനം ചരക്ക സേവന നികുതി ഒടുക്കേണ്ടതായി വരും. പ്രൈസ്, ഡിസ്കൗണ്ട്, മറ്റ് ചിലവുകൾ എന്നിവയ്ക്ക് പുറമേ 28 % ജി.എസ്.ടി കൂടി ഒടുക്കി അന്യസംസ്ഥാന ഭാഗ്യക്കുറികൾ ലാഭകരമായി നടത്താനാവുമെന്ന് കരുതുന്നില്ല. ഇത്തരത്തിൽ അന്യ സംസ്ഥാന ഭാഗ്യക്കുറികൾ കേരളത്തിൽ വിൽപ്പന നടത്താതിരുന്നാൽ കേരള സംസ്ഥാന ഭാഗ്യക്കുറികൾ കൂടുതൽ വിറ്റഴിക്കപ്പെടുന്നത് വഴി റവന്യൂ വരുമാനത്തിൽ ഗണ്യമായ വർദ്ധനവുണ്ടാകുന്നതാണ്. |
| (ബി) | ഇതര സംസ്ഥാനങ്ങളുടെ അടക്കം, മറ്റ് ലോട്ടറികൾ വിൽക്കുന്നവർക്ക് ഇനി കേരള ലോട്ടറിയുടെ ഏജൻസി നൽകേണ്ടതില്ല എന്ന് തീരുമാനിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | സമ്മാന ഘടന പരിഷ്കരിച്ച് സംസ്ഥാന ലോട്ടറിയെ കൂടുതൽ സ്വീകാര്യമാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ? | (സി) | എല്ലാ പ്രതിവാര ഭാഗ്യക്കുറികളുടേയും മുഖവില 30/-രൂപയാക്കി ഏകീകരിച്ചും, സമ്മാനങ്ങളുടെ എണ്ണത്തിൽ വൻ വർദ്ധനവ് വരുത്തിയും, എല്ലാ പ്രതിവാര ഭാഗ്യക്കുറികളുടേയും സമ്മാനഘടനകൾ 2017 ജൂൺ 1-ാം തീയതിയിലെ നറുക്കെടുപ്പുകൾ മുതൽ പ്രാബല്യത്തിൽ വരത്തക്ക വിധം പരിഷ്കരിച്ചിരുന്നു. |

| | | | |
|---|---|---|---|
| | | | സംസ്ഥാന സർക്കാർ നേരിട്ട് നടത്തുന്ന ഭാഗ്യക്കുറികൾക്ക് 1.7.17 മുതൽ 12 ശതമാനം ജി.എസ്.ടി എർപ്പെടുത്തിയിട്ടുണ്ട്. ഇതിനെ തുടർന്ന് എല്ലാ പ്രതിവാര ഭാഗ്യക്കുറികളുടേയും മുഖവില 26.8 രൂപയാക്കി നിജപ്പെടുത്തി, ഇതിന്റെ 12 ശതമാനം ജി.എസ്.റ്റി കൂടി ചേർത്ത് പരമാവധി വില്പ്പനവില 30/- രൂപയാക്കി നിലനിർത്തിക്കൊണ്ടും 50 ശതമാനത്തിന് മുകളിൽ സമ്മാനത്തുക നൽകിയും, 3 സ്ലാബുകളിലായി 24%, 24.5% 25.25% എന്നിങ്ങനെ ഡിസ്കൗണ്ട് അനുവദിച്ചു കൊണ്ടും (upto 2000-24%, 2001 to 10,000-24.5%, above 10,000-25.25%) സമ്മാനഘടനകൾ പരിഷ്കരിച്ചിട്ടുണ്ട്. 12 സീരീസുകളിലായി പരമാവധി 1 കോടി 8 ലക്ഷം ടിക്കറ്റുകൾ അച്ചടിക്കത്തക്ക വിധത്തിലാണ് സമ്മാന ഘടനകൾ ആവിഷ്കരിച്ചിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ.**